"ഭരണഭാഷ- മാതൃഭാഷ"

കേരളസർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണവകുപ്പ് - തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായി ബേക്കറി - പാളയം എയർപോർട്ട് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 380/2008 നമ്പർ കേസിന്മേലുള്ള ബാലൻസ് വിധിക്കടത്തുക നൽകുന്നതിന്- ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്

സ.ഉ.(സാധാ) നം.1494/2026/LSGD തീയതി,തിരുവനന്തപുരം, 11-08-2026

പരാമർശം:- 1. ജി.ഒ (പി)നം. 32/2019/ധന തീയതി, 18.03.2019.

2. ജി.ഒ.(ആർ.ടി)നം.4854/2025/ധന തീയതി, 31/05/2025

3. ജി.ഒ(ആർ.ടി)നം.1559/2025/എൽ.എസ്.ജി.ഡി തീയതി, 23/06/2025.

4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 23.10.2025, 22.02.2026 എന്നീ തീയതികളിലെ എ3/2846/2010/ടിഡ നമ്പർ കത്തുകൾ

ഉത്തരവ്

തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായി ബേക്കറി - പാളയം എയർപോർട്ട് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 380/2008 നമ്പർ കേസിലെ ബാലൻസ് തുകയായ 91,810/- രൂപ ടി കേസിലെ കക്ഷികളായ ശ്രീമതി രാജമ്മ, ശ്രീമതി അനിത എന്നിവർക്ക് അനുവദിക്കുന്നതിന് പരാമർശം 3 പ്രകാരം, തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിലീസ് ചെയ്യുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവായിരുന്നു. പ്രസ്തുത തുക ബഹു. കോടതിയിൽ നിക്ഷേപിച്ചതിന്റെ വിശദവിവരം സഹിതം ടി കേസിന്റെ ബാലൻസ് വിധിക്കടത്തുകയായ 3,957/- രൂപ (മൂവായിരത്തി തൊള്ളായിരത്തി അമ്പത്തിയേഴ് രൂപ മാത്രം) അനുവദിക്കണമെന്ന് ടിഡ സെക്രട്ടറി പരാമർശം 4 പ്രകാരം അഭ്യർഥിക്കുകയുണ്ടായി.

2. എൽ.എ.ആർ. കേസുകളിൽ തുക ബഹു. കോടതിയിൽ നിക്ഷേപിക്കുന്നതുവരെ കക്ഷിക്ക് പലിശയ്ക്ക് അർഹതയുള്ളതിനാലും

പരാമർശം 2 പ്രകാരം എൽ.എ.ആർ. **380/2008** നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക അനുവദിക്കുന്നതിന് നേരത്തെ ഫണ്ട് അനുവദിച്ചിട്ടുള്ളതിനാലും, തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായി ബേക്കറി - പാളയം എയർപോർട്ട് റോഡിന്റെ വികസനത്തിനായി വഞ്ചിയൂർ വില്ലേജിൽ സർവെ നം. **2938/5-1**-ൽ ഉൾപ്പെട്ട **0.66** ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ **380/2008** നമ്പർ കേസിലെ അവശേഷിക്കുന്ന ബാലൻസ് തുകയായ **3,957/- രൂപ (മൂവായിരത്തി തൊള്ളായിരത്തി അമ്പത്തിയേഴ് രൂപ മാത്രം)** ടി കേസിലെ കക്ഷികളായ ശ്രീമതി രാജമ്മ, ശ്രീമതി അനിത എന്നിവർക്ക് **4217-60-800-93 Payment of Compensation in LAR Cases (Plan - Charged)** എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

RADHA P M

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.

ജില്ലാ കളക്ടർ, തിരുവനന്തപുരം.

ശ്രീമതി രാജമ്മ, റ്റി.സി **76/2290**, ആനയറ, തിരുവനന്തപുരം (ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖേന).

ശ്രീമതി അനിത, റ്റി.സി **76/2290**, ആനയറ, തിരുവനന്തപുരം (ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖേന).

സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി, തിരുവനന്തപുരം.

ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.

സ്പെഷ്യൽ തഹസിൽദാർ, എൽ.എ(ജനറൽ), തിരുവനന്തപുരം.

ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനക്കുന്ന്, തിരുവനന്തപുരം.

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

വിവര-പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/359/2025/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Digitally signed by
Bindu Chandran R
Date: 11-08-2026
13:10:14

സെക്ഷൻ ഓഫീസർ